**പതിമൂന്നാം കേരള നിയമസഭ**

രണ്ടാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 389 — 17.10.2011-ൽ മറുപടിക്ക്

## സ്കൂൾ ഹെൽത്ത് പ്രോഗ്രാം കുറ്റമറ്റതാക്കാൻ നടപടി

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. കോവൂർ കുഞ്ഞുമോൻ :<br>ശ്രീ.എ.എ.അസീസ് : | ശ്രീ.അടൂർ പ്രകാശ്<br>(ആരോഗ്യവും കയറും വകുപ്പമന്ത്രി) |
| (എ) സ്കൂൾ കുട്ടികൾക്കായുള്ള ഹെൽത്ത് പ്രോഗ്രാമിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടത്തിവരുന്നത് ; | (എ) കേന്ദ്രസർക്കാരിന്റെ പദ്ധതിയായ നാഷണൽ റൂറൽ ഹെൽത്ത് മിഷന്റെ സഹായത്തോടെ നടപ്പിലാക്കി വരുന്ന സ്കൂൾ ആരോഗ്യ പദ്ധതിയിലൂടെ കുട്ടികളുടെ ആരോഗ്യം മെച്ചപ്പെടുത്താൻ താഴെ പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു.<br>1.സ്കൂളുകളിൽ ജെ.പി.എച്ച്.എൻമാരുടെ സേവനം: ആരോഗ്യ പരിശോധനയും നിരീക്ഷണവും, ആവശ്യഘട്ടങ്ങളിൽ നിയുക്ത ഡോക്ടർമാരുടെ സേവനം, ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകൾ, വിവരശേഖരണം.<br>2. രോഗപ്രതിരോധ നടപടികൾ : ജീവിതശൈലി രോഗങ്ങളുടെ നിയന്ത്രണവും അവബോധവും, വാക്സിനേഷൻ/രോഗപ്രതിരോധ കുത്തിവെയ്പ്, എക്സിബിഷൻ, ഫിലിംഷോ, പോസ്റ്റർ പ്രദർശനം, നാടകം, മറ്റ് കലാരൂപങ്ങൾ മുഖേനയുള്ള അവബോധനം, കൗമാരപ്രായക്കാർക്കായി പ്രത്യേക ശാരീരിക മാനസിക ആരോഗ്യ പരിപാടികൾ.<br>3. ഡോക്ടർമാരുടെ സേവനം : മാസത്തിൽ ഒരു തവണയെങ്കിലും മെഡിക്കൽ ഓഫീസർ സ്കൂളിൽ സന്ദർശിച്ച് ചികിത്സ ആവശ്യമുള്ള കുട്ടികളെ പരിശോധിക്കുകയും ഒരു ഹെൽത്ത് ക്ലാസ് നൽകുകയും ചെയ്യുന്നു. സ്കൂളുകളിൽ മെഡിക്കൽ ക്യാമ്പുകളുടെ നേതൃത്വം ജെ.പി.എച്ച്.എൻ മുഖാന്തിരം റഫർ ചെയ്യുന്ന കുട്ടികൾക്ക് തുടർ ചികിത്സ PHC/CHC മുഖാന്തിരം നൽകുന്നു. കൂടാതെ ആരോഗ്യാവലോകന പരിപാടികൾക്ക് നേതൃത്വം നൽകുന്നു.<br>4. സ്കൂൾ ഹെൽത്ത് ക്ലബുകൾ : ജെ.പി.എച്ച്.എൻ നോടൊപ്പം തെരഞ്ഞെടുത്ത അധ്യാപകർ നേതൃത്വം നൽകുന്നു. വിവിധ ആരോഗ്യ പരിപാടികളുടെ വേദിയായി പ്രവർത്തിക്കുന്നു, ശാരീരിക ക്ഷമതയ്ക്കായുള്ള പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നു, കുട്ടികൾക്കും കൂടാതെ അധ്യാപകർക്കും പദ്ധതിയിലൂടെ പ്രയോജനം ലഭിക്കുന്നു. |

5. ഹെൽത്ത് കാർഡ് : 3 മുതൽ 18 വയസ്സുവരെയുള്ള കുട്ടികളുടെ സമഗ്രമായ ആരോഗ്യ വിവരങ്ങളും ടി.സിയും രേഖപ്പെടുത്തുന്നതിനുള്ള ഹെൽത്ത് റിക്കോഡ് തുടങ്ങിയവ ഇതിന്റെ പ്രധാന ഘടകങ്ങളാണ്.

(ബി) അതിനായി ഓരോ വർഷവും നീക്കിവയ്ക്കുന്ന തുക എത്രയാണ് ;

(ബി) കേന്ദ്ര സർക്കാരിൽ നിന്നും സ്കൂൾ ആരോഗ്യ പദ്ധതിയുടെ വിവിധ പ്രവർത്തനങ്ങൾക്കായി 2008-2010 കാലയളവിൽ 685.835 ലക്ഷം രൂപയും 2010-2011 കാലയളവിൽ 342.43 ലക്ഷം രൂപയും 2011-2012 കാലയളവിൽ 550 ലക്ഷം രൂപയും നീക്കിവച്ചിട്ടുണ്ട്.

(സി) പ്രസ്തുത പ്രവർത്തനങ്ങൾ കൃത്യമായി നടത്തുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ മോണിറ്ററിംഗ് സമിതി നിലവിലുണ്ടോയെന്ന് വ്യക്തമാക്കുമോ ;

(സി) ഉണ്ട്. State Nodal Officer, District Programme Manager, RCH Officer, MCH Officer തുടങ്ങിയവരാണ് മോണിറ്ററിംഗ് നടത്തിവരുന്നത്. എന്നാൽ മോണിറ്ററിംഗ് സംവിധാനം കൂടുതൽ ശക്തമാക്കുന്നതിന്റെ ഭാഗമായി പുറമേയുള്ള വിദഗ്ധ ഏജൻസികളെ ഈ വർഷം പദ്ധതിയുടെ അവലോകനത്തിന് ഏൽപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുകഴിഞ്ഞു.

(ഡി) സ്കൂൾ ഹെൽത്ത് പ്രോഗ്രാം കുറ്റമറ്റതാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

(ഡി) 1. പദ്ധതി നിലവിൽ വന്നതുമുതൽ തന്നെ ഈ പദ്ധതിയുടെ മുൻനിരപ്രവർത്തകരായ JPHN മാരുടെ പ്രവർത്തനാവലോകനം അതത് ജില്ലകളിലെ DPM, RCH Officer, MCH Officer എന്നിവരുടെ നേതൃത്വത്തിൽ മാസംതോറും മുടങ്ങാതെ നടന്നു വരുന്നു. ഈ അവസരത്തിൽ JPHN ന് പ്രസക്തമായ ആരോഗ്യ പ്രശ്നങ്ങളെക്കുറിച്ച് ഒരു ക്ലാസും നൽകിവരുന്നു.

2. പ്രവർത്തനാവലോകനത്തിനായും വിവര ശേഖരണത്തിനായും തയ്യാറാക്കിയ Monthly Reporting Format ൽ ജെ.പി.എച്ച്.എൻ വിവരങ്ങൾ രേഖപ്പെടുത്തേണ്ടതും അത് ഓരോ മാസവും നിശ്ചിതസമയത്തിനുള്ളിൽ ജില്ലാ ഓഫീസറുടെ അറിവോടെ ഹെഡ് ഓഫീസിൽ അയക്കുന്നു. ഇതിൽ സ്ക്രീനിംഗ് സംബന്ധിച്ച വിവരങ്ങൾ, മരുന്ന് നൽകിയ വിവരങ്ങൾ, ആരോഗ്യ വിദ്യാഭ്യാസ ക്ലാസ്സുകളുടെ വിവരങ്ങൾ, റഫറൻസ് വിവരങ്ങൾ ഹെൽത്ത് ക്ലബ് പ്രവർത്തനത്തിന്റെ വിവരങ്ങൾ തുടങ്ങിയവ രേഖപ്പെടുത്തുന്നു.

3. ഈ വർഷം സംസ്ഥാനത്തൊട്ടാകെയുള്ള തെരഞ്ഞെടുത്ത സ്കൂളുകളിലെ സ്കൂൾ ഹെൽത്ത് പ്രോഗ്രാമിന്റെ ചുമതലയുള്ള രണ്ട് ടീച്ചേഴ്സിന് ട്രെയിനിംഗും അതത് സ്കൂളിലെ പ്രധാന

അധ്യാപകനും പി.റ്റി.എ പ്രസിഡന്റിനും പദ്ധതി യെക്കുറിച്ച് ശിൽപശാലകളും സംഘടിപ്പിച്ചുവരുന്നു. ഈ ശിൽപ്പശാലയുടെ ഫലപ്രാപ്തി വിലയിരുത്തു ന്നതിന് വിദഗ്ധരേയും ചുമതലപ്പെടുത്തിയിട്ടുണ്ട്. ജില്ലാതലത്തിലാണ് ഈ പ്രവർത്തനം നടക്കുന്നത്.

4. പദ്ധതിയുടെ ഫലവത്തായ നടത്തിപ്പിന് ഒരു സ്കൂൾ ഹെൽത്ത് പോളിസി രൂപീകരിക്കു ന്നതിന്റെ ആവശ്യകത മനസ്സിലാക്കി അത് രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടികളുടെ ഭാഗമായി രണ്ട് ശിൽപശാലകൾ ഇതിനകം നടന്നുകഴിഞ്ഞു.

സെക്ഷൻ ഓഫീസർ